"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത്-അപാകത പരിഹരിക്കുന്നതിന്-വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2379/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:- 1. സ.ഉ(കൈ) നം. 163/2025/തസ്വഭവ തീയതി 12.09.2025

2. 23.09.2025 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനം

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവനുസരിച്ച് , തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനർനിശ്ചയിച്ച് തീരുമാനമായിരുന്നു. മേൽ ഉത്തരവിലെ വ്യവസ്ഥകളിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ, വൈദ്യുതി വിഭാഗം ജീവനക്കാർ എന്നിവർ ചില ആശങ്കകൾ സർക്കാരിനു മുന്നിൽ ഉന്നയിക്കുകയുണ്ടായി. തുടർന്ന് മേൽ ഉത്തരവ് നടപ്പിലാക്കുന്നത് താല്ക്കാലികമായി മരവിപ്പിക്കുവാനും, ആക്ഷേപത്തിന് ഇടയാക്കിയ സാഹചര്യം പരിശോധിയ്ക്കുവാനും സർക്കാർ തീരുമാനിച്ചു. ആയതിന്റെ ഭാഗമായി വിഷയം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ തലത്തിൽ ബന്ധപ്പെട്ടവരെയെല്ലാവരെയും നേരിൽ കേട്ട് ചർച്ച ചെയ്യുകയുണ്ടായി.

പരാമർശം(2) പ്രകാരമുള്ള യോഗ തീരുമാനം അനുസരിച്ച്, സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച പരാമർശം( 1 ) ഉത്തരവിലെ അപാകതകൾ എന്തെന്ന് കണ്ടെത്തി വിഷയം സ്ഥായിയായി പരിഹരിക്കാനുതകുന്ന ശിപാർശ സമർപ്പിയ്ക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപികരിക്കാൻ ധാരണ ആയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പരാതിക്കിടയാക്കിയ എല്ലാ വസ്തുതകളും പരിശോധിച്ച് സമഗ്രമായ റിപ്പോർട്ട്/ശിപാർശ സമർപ്പിയ്ക്കുവാൻ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2) ഗവ.അഡീഷണൽ സെക്രട്ടറി , തദ്ദേശ സ്വയം ഭരണ വകുപ്പ്
3) ഗവ.അഡീഷണൽ സെക്രട്ടറി , ധനകാര്യ വകുപ്പ്
4) ചീഫ് എഞ്ചിനീയർ (എച്ച്. ആർ എം), വൈദ്യുതി ഭവൻ, കെ.എസ്.ഇ.ബി, പട്ടം, തിരുവനന്തപുരം
5) ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, തൃശ്ശൂർ
6) അസിസ്റ്റന്റ് സെക്രട്ടറി,വൈദ്യുതി വിഭാഗം, തൃശ്ശൂർ നഗരസഭ
7) ഇലക്ട്രിക്കൽ എഞ്ചിനീയർ, വൈദ്യുതി വിഭാഗം, തൃശ്ശൂർ നഗരസഭ

മേൽ സമിതി, ബന്ധപ്പെട്ടവരെയെല്ലാം നേരിൽ കേട്ട്/ ചർച്ച ചെയ്ത് മുഴുവൻ വസ്തുതകളും സമഗ്രമായി പഠിച്ച് വിശദമായ റിപ്പോർട്ട് **2025 ഒക്ടോബർ 31** നകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (e-3090891/Dev-1/54/2025-Fin)

ഗവ.അഡീഷണൽ സെക്രട്ടറി , ധനകാര്യ വകുപ്പ്

ചെയർമാൻ , വൈദ്യുതി ഭവൻ, കെ.എസ്.ഇ.ബി, പട്ടം, തിരുവനന്തപുരം

സെക്രട്ടറി, കോർപ്പറേഷൻ, തൃശ്ശൂർ

ചീഫ് എഞ്ചിനീയർ (എച്ച്. ആർ എം), വൈദ്യുതി ഭവൻ, കെ.എസ്.ഇ.ബി, പട്ടം, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ

അസിസ്റ്റന്റ് സെക്രട്ടറി, ഇലക്ട്രിസിറ്റി വിഭാഗം, കോർപ്പറേഷൻ, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 29-09-2025 14:17:26